LIBRARY ARCHIVES Kerala Legislative Assembly

കപ്പിവെള്ളനിർമ്മാണ പദ്ധതി

232 (897) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുപ്പിവെള്ള നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) സ്വകാര്യ കുപ്പിവെള്ളം ഉയർന്ന വിലയുള്ളതും ഗുണമേന്മയില്ലാത്തതുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഗുണമേന്മയുള്ളതും മിതമായ നിരക്കിലുള്ളതുമായ കുപ്പിവെള്ളം വിതരണം ചെയ്യാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല. കുപ്പിവെള്ള ഫാക്ടറി നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി പുനർ ദർഘാസ് അവസ്ഥയിലാണ്.

(ബി) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഗുണമേന്മയുള്ളതും മിതമായ നിരക്കിലുള്ളതുമായ കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനായി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കമ്പനിയുടെ കീഴിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

233 (898) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം കുപ്പിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് ;

(ബി) ഓരോന്നിനും എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത് ; ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(സി) കരിമ്പുഴ, ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതികളുടെ സോഴ്സ് പ്രൊട്ടക്ഷന്റെ ഭാഗമായുള്ള തടയണ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ?